**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 491**
**29.11.2018 ലെ മറുപടിയ്ക്ക്**

## പങ്കാളിത്ത പെൻഷൻ പദ്ധതി

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ.പി.അബ്ദുൾ ഹമീദ് | ഡോ.തോമസ് ഐസക്ക് |
| എം.എൽ.എ | (ബഹു. ധനകാര്യ വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ | സംസ്ഥാനത്ത് നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ.സതീഷ് ചന്ദ്രബാബു ചെയർമാനും; ശ്രീ.പി.മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്), പ്രൊഫ.ഡി.നാരായണ (ജി.ഐ.എഫ്.റ്റി ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 07.11.2018-ലെ സ.ഉ(പി) നം. 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 6 മാസത്തിനകം സമിതി ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട് |
| ബി | ഇത് സംബന്ധിച്ച് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | |
| സി | പ്രസ്തുത പദ്ധതി പ്രകാരം വിരമിച്ചവർക്ക് മതിയായ പെൻഷൻ കിട്ടുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | 18.09.2013 - ൽ പാർലമെന്റ് പാസ്സാക്കിയ PFRDA Act 2013 - ന്റെ അടിസ്ഥാനത്തിലാണ് കേരളമുൾപ്പടെയുള്ള വിവിധ സംസ്ഥാന സർക്കാരുകൾ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത്. 01.04.2013-ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളത്തിന്റെ 10% വും (10% of Pay + DA) തത്തുല്യമായ ഒരു തുക സർക്കാർ വിഹിതവും ചേർത്ത് PFRDA നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുകയും, 60-ാം വയസ്സിൽ ടി ജീവനക്കാരൻ വിരമിക്കുമ്പോൾ ഇത്തരത്തിൽ സമാഹരിച്ചിട്ടുള്ള തുകയുടെ 40% ത്തിൽ നിന്നും അയാൾക്ക് പെൻഷൻ വിഹിതം/അന്വിറ്റി ആയി നൽകുകയും |
| ഡി | പ്രസ്തുത പദ്ധതി പ്രകാരം വിരമിച്ചവർക്ക് മിനിമം പെൻഷൻ ഉറപ്പ് വരുത്തുന്നതിന് നിയമനിർമ്മാണം നടത്തുമോ എന്ന് വ്യക്തമാക്കാമോ? | |

| | | |
|---|---|---|
| | | ചെയ്യുന്നതാണ് നിലവിലുള്ള പദ്ധതി. പ്രസ്തുത പദ്ധതി പുനഃ പരിശോധിക്കുന്നതിനുള്ള നിയമപരവും സാമ്പത്തികവുമായ സാധ്യതകളും മറ്റും പഠിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് സർക്കാർ വിശദമായി പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**